പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2410 17.8.2017-ൽ മറുപടിയ്ക്ക്

## മീറ്റ് പ്രൊഡക്ട് ഓഫ് ഇൻഡ്യയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.വി.ടി.സതീശൻ | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ മന്ത്രി) |
| എ) പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രൊഡക്ട് ഓഫ് ഇൻഡ്യയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യയുടെ പ്രവർത്തനം ഗവൺമെന്റ് തലത്തിൽ ബന്ധപ്പെട്ടവരുമായി വിവിധ മീറ്റിംഗുകൾ നടത്തി വിലയിരുത്തിയിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ കമ്പനി ലാഭകരമായി നടത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | ബി) ആർ.കെ.വി.വൈ പദ്ധതി പ്രകാരം പന്നികളെ കർഷകർ വളർത്തി എം.പി.ഐ അപ്പോഴത്തെ വിലയ്ക്ക് തിരിച്ചെടുക്കുന്നു. 200 പന്നികളെയും 200 മാടുകളെയും പ്രതിദിനം കശാപ്പ ചെയ്യാനുള്ള ഹൈടെക് സ്ളോട്ടർ ഹൗസിന്റെ ട്രയൽ റൺ കഴിഞ്ഞു. പ്രവർത്തനസജ്ജമായി കഴിഞ്ഞാൽ ഉൽപ്പാദനം കൂട്ടാനും കയറ്റുമതി ചെയ്യാനുമുള്ള സാധ്യതകൾ ഉണ്ട്. കേരളത്തിൽ ആവശ്യമായ മാംസത്തിന്റെ നല്ലൊരു പങ്ക് ഈ പ്ളാന്റിൽ നിന്നു ഉൽപാദിപ്പിച്ച് വിതരണം ചെയ്യാൻ സാധിക്കും. പട്ടികജാതിവികസന വകുപ്പും മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യയും സംയുക്തമായി ''മീറ്റ് ഷോപ്പ് '' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മാർക്കറ്റിംഗ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ്, സപ്ളൈകോ, വെറ്ററിനറി സെന്റർ മുതലായ സർക്കാർ സ്ഥാപനങ്ങളുമായി സഹകരിച്ച് ഔട്ട് ലെറ്റുകൾ തുടങ്ങുന്നതിനുള്ള പദ്ധതി |

| | | | |
|---|---|---|---|
| | | | ആവിഷ്കരിച്ച് വരുന്നു. ഏത്തൂർ പഞ്ചായത്തിൽ ആധുനിക മാംസസംസ്കരണ പ്ലാന്റ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. |
| സി) | കമ്പനിയുടെ പുതിയ ഹൈടെക് സ്ലോട്ടർ ആന്റ് മീറ്റ് പ്രോസസിംഗ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇതിലൂടെ എത്ര കോടി രൂപയുടെ വില്പനയാണ് അധികമായി പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി) | ട്രയൽ റൺ കഴിഞ്ഞു. കൊമേഴ്സ്യൽ പ്രൊഡക്ഷൻ തുടങ്ങാൻ വിവിധ ലൈസൻസ് കിട്ടേണ്ടതായിട്ടുണ്ട്. 15 കോടിയുടെ വിൽപ്പനയാണ് അധികമായി പ്രതീക്ഷിക്കുന്നത്. |
| ഡി) | മൃഗങ്ങൾക്കെതിരായ ക്രൂരത തടയൽ നിയമം 2017 എന്ന പേരിൽ കേന്ദ്ര സർക്കാർ 2017 മേയ് 23-ന് പുറത്തിറക്കിയ വിജ്ഞാപനം പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തെ എപ്രകാരം ബാധിക്കും എന്ന് വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ